# കേരള സർക്കാർ

സംഗ്രഹം

തദ്ദേശ സ്വയംഭരണ വകുപ്പ് - കോഴിക്കോട് മുൻസിപ്പൽ കോർപ്പറേഷനിലെ കണ്ടിജന്റ് വിഭാഗം ജീവനക്കാരനായ ശ്രീ.വിനോദൻ.കെ യ്ക്ക് ശൂന്യവേതനാവധി അനുവദിച്ചുകൊണ്ട് - ഉത്തരവ് പുറപ്പെടുവിക്കുന്നു

=====================================================================

## തദ്ദേശ സ്വയംഭരണ (ഇ.യു) വകുപ്പ്

സ.ഉ.(സാധാ) നം.3198/2018/തസ്വഭവ                                        തിരുവനന്തപുരം, തീയതി : 19/12/2018

പരാമർശം :
1) ശ്രീ.വിനോദൻ.കെ യുടെ 13/04/2018 തീയതിയിലെ അവധി അപേക്ഷ.
2) ശ്രീ.വിനോദൻ.കെ സമർപ്പിച്ചിട്ടുള്ള 13/04/2018 തിയതിയിലെ ഫിറ്റ്നെസ് സർട്ടിഫിക്കറ്റ്.
3) കോഴിക്കോട് മുൻസിപ്പൽ കോർപ്പറേഷൻ ഹെൽത്ത് ഇൻസ്പെക്ടറുടെ (13-ാം സർക്കിൾ) 16/04/2018 തീയതിയിലെ സാക്ഷ്യപത്രം.
4) ശ്രീ.വിനോദൻ.കെ സമർപ്പിച്ചിട്ടുള്ള 11/08/2017, 3/04/2018 തീയതികളിലെ മെഡിക്കൽ സർട്ടിഫിക്കറ്റ്.
5) കോഴിക്കോട് മുൻസിപ്പൽ കോർപ്പറേഷൻ സെക്രട്ടറിയുടെ 10/05/2018 തീയതിയിലെ എഫ്4/71634/17 നമ്പർ കത്ത്.
6) നഗരകാര്യ ഡയറക്ടറുടെ 30/05/2018 തീയതിയിലെ ഇ 2-1501/18 നമ്പർ കത്ത്.

## ഉത്തരവ്

കോഴിക്കോട് മുൻസിപ്പൽ കോർപ്പറേഷനിലെ കണ്ടിജന്റ് വിഭാഗം ജീവനക്കാരനായ ശ്രീ.വിനോദൻ.കെ വൃക്ക സംബന്ധമായ അസുഖത്തെ തുടർന്ന് വൃക്കമാറ്റിവയ്ക്കൽ ശസ്ത്രക്രിയയ്ക്ക് വിധേയമായിട്ടുള്ളതാണെന്നും, ആയതിനാൽ ടിയാൻ 21/06/2017 മുതൽ 13/04/2018 വരെ ജോലിയിൽ നിന്ന് വിട്ടുനിൽക്കുകയും ചെയ്തിട്ടുള്ളതാണെന്നും, ടി കാലയളവ് മെഡിക്കൽ ഗ്രൗണ്ടിൽ ശമ്പള രഹിത അവധിയായി അനുവദിക്കണമെന്നുള്ള പരാമർശം (2), (3) പ്രകാരമുള്ള മെഡിക്കൽ സർട്ടിഫിക്കറ്റ്, മെഡിക്കൽ ഫിറ്റ്നസ് സർട്ടിഫിക്കറ്റ് എന്നിവ സഹിതമുള്ള പരാമർശം (1) പ്രകാരമുള്ള ടിയാന്റെ അവധി അപേക്ഷ, പരാമർശം (6) പ്രകാരം ശിപാർശ ചെയ്ത് നഗരകാര്യ ഡയറക്ടർ സർക്കാരിൽ ലഭ്യമാക്കി. ടിയാൻ അവധി കഴിഞ്ഞ് 16/04/2018 മുതൽ ജോലിയിൽ പ്രവേശിച്ചിട്ടുള്ളതാണെന്നും. ടിയാന്റെ ക്രഡിറ്റിൽ മറ്റ് അവധികൾ ഇല്ലാത്തതിനാൽ 21/06/2017 മുതൽ 13/04/2018 വരെ ശൂന്യവേതനാവധി അനുവദിക്കാവുന്നതാണെന്ന് നഗരകാര്യ ഡയറക്ടർ ശിപാർശ ചെയ്തിട്ടുണ്ട്.

2) സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ചു. കോഴിക്കോട് മുൻസിപ്പൽ കോർപ്പറേഷനിലെ കണ്ടിജന്റ് വിഭാഗം ജീവനക്കാരനായ ശ്രീ.വിനോദൻ.കെ വൃക്കമാറ്റവയ്ക്കൽ ശസ്ത്രക്രിയയ്ക്ക് വിധേയമായിട്ടുള്ളതാണെന്ന പരാമർശം (3), (6) ലെ റിപ്പോർട്ടുകളുടെയും പരാമർശം (4) പ്രകാരം സമർപ്പിച്ചിരിക്കുന്ന മെഡിക്കൽ സർട്ടിഫിക്കറ്റിന്റെയും അടിസ്ഥാനത്തിൽ 21/06/2017 മുതൽ 12/04/2018 വരെയുള്ള കാലയളവ് ആർജ്ജിതാവധിക്ക് പരിഗണിക്കുകയില്ല എന്ന വ്യവസ്ഥയിൽ മെഡിക്കൽ സർട്ടിഫിക്കറ്റിന്മേലുള്ള ശൂന്യവേതനാവധിയും, 13/04/2018 മുതൽ

15/04/2018 വരെ പ്രസ്തുത കാലയളവ്, നിലവിലെ വ്യവസ്ഥപ്രകാരം, ഇൻക്രിമെന്റ്, ഹയർ ഗ്രേഡ്, പെൻഷൻ, ആർജ്ജിതാവധി തുടങ്ങിയ സേവനാനുകൂല്യങ്ങൾക്ക് കണക്കാക്കുകയില്ല എന്ന വ്യവസ്ഥയിൽ മെഡിക്കൽ സർട്ടിഫിക്കറ്റിന്മേലല്ലാതെയുള്ള ശൂന്യവേതനാവധിയും ശ്രീ.വിനോദൻ.കെ യ്ക്ക് അനുവദിക്കുന്നതിന് നഗരകാര്യ ഡയറക്ടർക്ക് അനുമതി നൽകി ഉത്തരവാകുന്നു.

**(ഗവർണറുടെ ഉത്തരവിൻ പ്രകാരം)**
**എ സ്.മോഹൻദാസ്**
**അഡീഷണൽ സെക്രട്ടറി**

നഗരകാര്യ ഡയറക്ടർ, തിരുവനന്തപുരം
സെക്രട്ടറി, കോഴിക്കോട് മുൻസിപ്പൽ കോർപ്പറേഷൻ
ഡയറക്ടർ, കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്, തിരുവനന്തപുരം
എക്സിക്യൂട്ടീവ് ഡയറക്ടർ, ഇൻഫർമേഷൻ കേരള മിഷൻ, തിരുവനന്തപുരം
(ഈ ഉത്തരവ് വെബ് സൈറ്റിൽ പ്രസിദ്ധപ്പെടുത്തുന്നതിനായി)
കരുതൽ ഫയൽ / ഓഫീസ് കോപ്പി

ഉത്തരവിൻ പ്രകാരം

സെക്ഷൻ ഓഫീസർ